# രാജർഷി

പുസ്തകം 12 | 1121 വൃശ്ചികം | ലക്കം 4

## മംഗളം.

(കന്നത്തേരി രാമൻമേനോൻ)

സുഭാസുരയശസ്സമീച്ചേറിയ മാസികാപത്രവും,
സ്വഭാവി ഷലൂതാക്ഷേപാന്തമുളിതാതനേറീടിലും,
വിഭൂതിയിതുവെച്ചുകൊണ്ടുയരുവാൻ ശ്രമിച്ചുംമെകൻ–
"പ്രഭാകര"കിശോരനീശ്വരസഹായമുണ്ടാകണം.

## പുലരിയിൽ

(തിരുത്തിക്കാട്ട് പ്രഭാകരൻനായർ, പുഴക്കൽ.)

കാന്തിസ്മേരസുമാസ്യമാത്തകുതുകാൽ
ചുംബിച്ചതൈത്തെന്നലൊ–
ട്ടേന്തിക്കൊണ്ടുസഗന്ധപൂരമതുലാ–
നന്ദേനലാത്തീടവേ;
ക്ലാന്തിക്കേട്ടകളറവു പൂണ്ണു സുഭഗാ
നന്ദക്ഷയത്തിൽ സ്സുഖം–
നീന്തിക്കൊണ്ടു വിഭാതവേളയിൽ
രസിക്കുന്നു രസാമണ്ഡലം.
പ്രേമത്തിന്നപദാനമാധുരിചുരന്നീ–
ട്ടുംവിധം കോകില–
സ്തോമത്തിൻകളകാകളീമധുരസം–
ഗീതത്തിൽ മുങ്ങീമുദാ.
വ്യോമത്തിൽ പുതുപുഷ്പരാഗമണിയും
മെയ്യാന്നകാർവണ്ടുകൾ
കാമം ഹാസ്യഷമാബ്ധിയിൽക്കുമിളപോൽ
പൊങ്ങുന്നിതങ്ങിങ്ങുമേ.
വാരോലും മഴവില്ലുവെല്ലുമഴകൾക്കൊ
ണ്ടുള്ള സൗന്ദര്യസൽ–
സാരോൽകൃഷ്ടസുമസ്തതികങ്ങൾ ഹിമ
ബിന്ദുക്കൾ തൃണാഗ്രങ്ങളിൽ,
ഓരോന്നായി, വിളങ്ങിനശ്വരതയെ
ക്കാണിച്ചുമങ്ങുമ്പൊഴി–
പ്പാരോത്തുംഗതയോമനുഷ്യന്നുചില
ച്ചിത്രങ്ങൾമാത്ര ധ്രുവം.
ചെമ്മേകണ്ണുകൾ ചിമ്മി പത്മിനചിരം
ഭക്ത്യാവിശുദ്ധാശയായ്
തന്മേന്മക്കൊരു തക്കകാന്തനണയാൻ
പ്രാർത്ഥിച്ചതിൻമൂലമായ്
ഉന്മേഷത്തോട്ട് സാനുരാഗമുദയം
കൈക്കൊണ്ടു ഭാസ്വാന്നിതാ–
മേന്മേൽ തൽക്കരപാളിചേർത്തു
തഴുകെത്തുകുന്നുമന്ദസ്മിതം.
കട്ടിക്കുളിരുകളായ കമ്പിളിനിശാ
ശൈത്യം നശിപ്പിക്കുവാൻ–
കെട്ടിച്ചേറിയദിഗ്വധുക്കൾ
തെളിമത്തോട്ടിൽക്കുളിച്ചാദരാൽ
പട്ടിന്നൊത്തൊരിളംവെയിൽ പുടവ
യും പൂണ്ടിന്നിതാഭക്തമാർ
മട്ടിൽ ശുദ്ധവിശാലമാനസകളായ്
കാണുന്നിതെല്ലാടവും.

## നിസ്വന്റെ പ്രാര്‍ത്ഥന.

(ഉപസര്‍പ്പിണി)

(വിദ്വാന്‍, കുറുമള്ളൂര്‍. കെ. നാരായണപിള്ള.)

I

കനകരശ്മികള്‍ ചിന്നിച്ചിതറിടും
മധുരബാല്യത്തിന്‍ ദിവ്യപ്രകാശത്തില്‍,
തുടുതുടുപ്പാന്ന ഗണ്ഡതടങ്ങളില്‍
തുരുതുരെച്ചാരു ചുംബനപ്പൂക്കളാല്‍
പ്രകൃതിമാതാവു പ്രേമം തുളുമ്പിടും
പ്രണയമുദ്രകളാമന്ദം ചേര്‍ക്കവേ,
ഒരു വെറും പിച്ചക്കാരനെപ്പോലന്നു
മരണമേ! വന്നുവാതുക്കല്‍ മുട്ടി നീ!!
വെറുമൊരോടക്കുഴലതു മാത്രമേ
പറയത്തക്കതായെന്‍ പക്കലന്നുള്ളു!
കരുണതെല്ലുമില്ലാതെയെത്രയോ
പരുഷവാക്കുകള്‍ ചൊല്ലിത്തെരുതെരെ,
ഇരുകരങ്ങളും മാടിമാടിക്ഷണം
കരയുമെന്നെ വിളിച്ചിതുല്‍ണ്ഠയാല്‍.
പലവുരുഞാനു കുഴങ്ങി; ഭയാകുലാ-
കലിതനായികവാടമടച്ചുപോയ്!!

II

ഹഹഹ, ഭാവനാസീമയ്ക്കുമപ്പുറ-
ത്തഹമഹമികയായുഴറിപ്പരം,
ചിറകടിച്ചു പറക്കുന്നെന്‍ ചിന്തകള്‍
ക്ഷണികജീവിതയാത്രയില്‍ത്താന്തമായ്.
ഇരുളിന്‍പാഴ്ക്കരിപറ്റിഞ്ഞാന്‍പ്രാകൃത
നരനതെന്നപോലിന്നു ദൈന്യദീനം.
മരണമേ, നിന്നെക്കൂട്ടുവിളിക്കുന്നു
കരുണയെന്നിലണച്ചുപുണരുവാന്‍.
തരളതാരുണ്യമെന്നൊത്തലോടവേ
മധുരസ്വപ്നങ്ങളെത്രകണ്ടാവൂ ഞാന്‍!!
സരസബാല്യത്തിന്‍—, ബാലിശചിന്ത-
(യാല്‍
പരമശത്രുവായ്പ്പാരം മരണമേ!
പലവുരുഞാന്‍ നിനച്ചുവെറുത്തുപോയ്
ഫലമിനിയെന്തു: നിശ്വാസമെന്നിയേ:!
വരികമാമകമിത്രമായ് നിത്യവും
കരയുമീയെന്‍ കരങ്ങള്‍ പിടിയ്ക്കുവാന്‍.
വെറുമൊരോടക്കുഴലയെനിക്കിന്നും
പറയത്തക്കതായ്പ്പക്കലിരുപ്പൊള്ളു.
ഒരുവെറും പുല്‍ത്തകിടിയിലെങ്ങാനു-
'മൊരുപിടി'ച്ചാമ്പലാകുന്നതെന്നൊന്നായ്
ധരയോടൊത്തിതാ നോക്കുന്നുനിത്യവും
ജരയാല്‍ ജീര്‍ണ്ണിച്ചവെണ്‍മേഘപംക്തി-
(കള്‍.

* * * *

ഒളിവില്‍നില്‍ക്കേണ്ട; നിന്നെ ക്ഷണി-
(പ്പൂ ഞാന്‍,
സമയമായെങ്കില്‍ ചുംബനമേകുനീ.

## * സംസ്കൃതം എങ്ങിനെ പഠിപ്പിക്കണം?

(വ്യാകരണഭൂഷണം എന്‍. ഡി. കൃഷ്ണനുണ്ണി.)

കേരളം, ഭാരതത്തിലെ ഇതരദേശങ്ങളെ അപേക്ഷിച്ച്, പണ്ടുതന്നെ അല്പമെങ്കിലും പിന്നിലായിരുന്നില്ല; സംസ്കൃതഭാഷാപരിശീലനത്തില്‍ ഇന്നും ഈ വിഷയത്തില്‍ ഒരു പ്രധാന സ്ഥാനം പരശുരാമക്ഷേത്രത്തിന് കല്പിച്ചുകൊടുക്കാതെ കഴികയില്ല. ഭാഷയ്ക്കും, സംസ്കൃതത്തിനും തമ്മിലുള്ള മൈത്രിയെക്കുറിച്ച് ആലോചിക്കുമ്പോള്‍ മേലും ഈ സ്ഥാനം കൈവെടിയുവാന്‍ മലയാളത്തിന് സാദ്ധ്യമല്ല

ന്നതന്നെ പറയേണ്ടിയിരിക്കുന്നു. അതെ, സംസ്കൃതത്തിന്റെ തെളിച്ചില്ലിൽക്കൂടി നോക്കുമ്പോഴെ ഭാഷയുടെ സ്വരൂപസമ്പത്തു സ്പഷ്ടമായി മനസ്സിലാവുകയുള്ളു.

ഏതാനും ചില കാവ്യനാടകങ്ങൾ പഠിച്ച് അല്പമെങ്കിലും സംസ്കൃതവ്യുൽപത്തി സമ്പാദിക്കാത്ത ഒരു കേരളീയനും സ്വയം അഭിമാനിക്കാവുന്നതല്ല, താനൊരു ഭാഷാഭിമാനിയാണെന്ന്. 'ഇന്നും കേരളത്തിൽ സംസ്കൃത വിദ്യാഭ്യാസത്തിന് പ്രചാരം പെരുകിക്കൊണ്ടു വരുന്നതും അതുകൊണ്ടുതന്നെയാണ്. എങ്കിലും പത്തും പന്ത്രണ്ടും സർഗ്ഗംവീതം കാവ്യം പഠിച്ചിട്ടും വിഭക്തിജ്ഞാനംപോലും ലഭിക്കാത്ത പണ്ഡിതമ്മാന്യന്മാരെ പത്തിനെട്ടുവീതം ഇന്നും മലനാട്ടിൽ കണ്ടുകിട്ടുന്നതാണ്. അതിനുള്ള കാരണമാണ് ഇവിടെ ആരായേണ്ടിയിരിക്കുന്നത്. എലിയെപ്പിടിപ്പാൻ മലമറിക്കുന്ന, പഴയപരിപാടിയിൽനിന്നു പിഴയ്ക്കാത്ത ഇന്നത്തെ വിദ്യാഭ്യാസരീതിയാണ് ഈ ന്യൂനയ്ക്കു ഹേതുവെന്ന് വിമർശകന്മാർക്ക് വിശദമായിരിക്കും. അതെ, ലഘുവായ വിഭക്തിജ്ഞാനത്തിന് അവശ്യമവശ്യമായ വ്യാകരണം തൊട്ടുതെറിയ്ക്കാതെ കണ്ണുമടച്ച് നിരവധി പദ്യങ്ങൾ ഉരുവിട്ടുതള്ളുന്ന ആ രീതിയാണ് വിദ്യാർത്ഥികളെ പരമാന്ധരാക്കി തീർക്കുന്നത്.

പരിഷ്കൃതമായ ഏതുഭാഷയ്ക്കുമുണ്ട് വിപുലമോ അഥവാ നാമമാത്രമോ ആയ വ്യാകരണം. ഭാഷയ്ക്കു പ്രചാരംവന്നശേഷം, ഭാഷാഭിജ്ഞന്മാരാൽ നിർവ്വചിക്കപ്പെടുന്നതും, ലോകത്താൽ ആദരിക്കപ്പെടുന്നതുമത്രെ വ്യാകരണം. വ്യാകരണത്തിന്റെ പ്രയോജനമെന്തെന്നാലോചിക്കുന്നവന്റെ ബുദ്ധിയ്ക്കുഗോചരമായി തീരുന്നതാണ്, "ഭാഷയുടെ നിർമ്മാണത്തിനല്ല; അതിന്റെ സ്വരൂപ പരിജ്ഞാനത്തിനാണ് വ്യാകരണ"മെന്ന്.

ഭാഷാജ്ഞാനത്തിനുതകുന്ന വ്യാകരണം, പ്രൌഢസാഹിത്യഗ്രന്ഥങ്ങളെ പഠിച്ചറിഞ്ഞതിനുശേഷമേ, വിദ്യാർത്ഥികൾ അദ്ധ്യായനം ചെയ്യാവൂ എന്നു കണ്ണടച്ചു സിദ്ധാന്തിക്കുന്നത് ഈ നിലയ്ക്ക്, എത്രമാത്രം സാഹസമായിരിക്കും! എത്രയെത്ര പരിശ്രമശീലന്മാരായ ബാലന്മാരാണ്, ഈ പിഴച്ച വഴിയിലൂടെ, ആറും ഏഴും വർഷം കാവ്യംപഠിച്ച് പണ്ഡിതന്മാരായി സംസ്കൃതഭാഷയിൽ സംസാരിപ്പാനോ ഉപന്യസിപ്പാനൊ കഴിവില്ലാതെ വിഷമിക്കുന്നത്! അതെ, സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആദ്യംമുതല്ക്കുതന്നെ വ്യാകരണപാഠം ഒഴിച്ചുകൂടാത്തതാകുന്നു.

വ്യാകരണം കൈവശംവച്ചുപോരുന്ന ചില ഭാഷാരഹസ്യങ്ങളെ, കാവ്യവിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്കായി എടുത്തുകാണിക്കട്ടെ!! നോക്കുക—

"വാഗർത്ഥാവിവസംപൃക്തൌ—" എന്നു രഘുവംശത്തിലെ പദ്യം പഠിക്കുന്ന ഒരു വിദ്യാർത്ഥി "വാഗർത്ഥൌ ഇവ" എന്ന് ഗുരുനാഥൻ പദച്ഛേദം ചെയ്തു കൊടുക്കുന്നത് അങ്ങിനെതന്നെ വിഴുങ്ങുന്നു. പിന്നീട് മറ്റൊരവസരത്തിൽ—"ഇന്ദുഃക്ഷീരനിധാവിവ" എന്നുള്ള സ്ഥലത്ത്, "ക്ഷീരനിധൌ ഇവ" എന്ന് ഇടതിരിക്കുവാനറിയാതെ ഗുരുമുഖംനോക്കി മിഴിക്കുന്നു. ഇങ്ങിനെ, അനേകവാരം, ആചാര്യന്റെ സഹായത്തോടുകൂടി പദം മുറിക്കുവാൻ പരിശീലിച്ചാലും വീണ്ടും ഉപാദ്ധ്യായന്റെ ഉപദേശംകൂടാതെ "ഔകാര"ത്തിനു വന്നുചേരുന്ന ആവാ "ദേശവിരൂപവികാരം ഊഹിച്ചറിയുവാൻ "മേഘം"മുതൽ "മാഘം"വരെ അദ്ധ്യയനം ചെയ്താലും സാധാരണ വിദ്യാർത്ഥിക്കു സാധിക്കുന്നില്ല. ഈ വൈഷമ്യം വേഗത്തിൽ നശിപ്പിക്കാവുന്നതായിരിക്കും; അവിടവിടെയായി,

അഞ്ചാറുലക്ഷ്യങ്ങളിൽ ലക്ഷണനിർദ്ദേശം ചെയ്തുകൊണ്ടു അദ്ധ്യയനം നിർവ്വഹിക്കുന്നതായാൽ, നോക്കുക—"ഏചോയവായാവഃ" എന്ന പാണിനീയസൂത്രം മുമ്പറഞ്ഞ സന്ധിസ്ഥലങ്ങളിൽ "ഏചഃ—ഏ—ഓ—ഐ—ഔ—ഈ വർണ്ണങ്ങൾക്കു് അയ്—അവ്—ആയ്—ആവ് ഈ ആദേശങ്ങൾ വരുന്നതായിരിക്കും—അച്ചുകൾ—അകാരാദിസ്വരങ്ങൾ പിന്നാലെ ഇരുന്നാൽ "എന്നിങ്ങിനെ നാലഞ്ചുദാഹരണസഹിതം, രണ്ടുമൂന്നുപ്രാവശ്യം ഉപദേശിക്കുന്നതായാൽ, ഇങ്ങിനെ പല വിധത്തിലുള്ള സന്ധികളും അല്പാല്പമായി ഗ്രഹിച്ചുകഴിഞ്ഞാൽ, പദങ്ങളെ വേർതിരിക്കുന്നതിന്നൊ, സന്ധിചേർക്കുന്നതിന്നൊ, ഉപാദ്ധ്യായസഹായം കൂടാതെതന്നെ വിദ്യാർത്ഥിക്കു അചിരേണ സാദ്ധ്യമായിത്തീരുന്നു. ഇപ്രകാരമുള്ള സൂത്രാർത്ഥവിവരണം, ഗുരുശിഷ്യന്മാർക്കു ഒരിക്കലും ക്ലേശാവഹമാകയില്ലെന്നുതന്നെ നമുക്കു സമാശ്വസിക്കാം. ഇതുപോലെ, ധാത്വർത്ഥങ്ങളെ മനസ്സിലാക്കുന്ന വിഷയത്തിലും വിദ്യാർത്ഥികൾ വിഷമിക്കുന്നതായിക്കാണാം— ഉദാഹരണമായി "വന്ദേ" എന്ന പദത്തിന്നു് "നമസ്കരിക്കുന്നു" എന്നു് ഒരു ദിക്കിൽ അർത്ഥം ഗ്രഹിച്ചശേഷം, ഇനിയൊരു സ്ഥലത്തു "അവന്ദത" എന്നു പ്രയോഗം കാണുമ്പോഴും, മറെറാരു സ്ഥലത്തു "വന്ദമാനഃ" എന്നുകാണുമ്പോഴും, അർത്ഥം അറിയാതെ കുട്ടികിടന്നു പരുങ്ങുന്നതുകാണാം. "വദി അഭിവാദനെ" എന്ന ധാതുപാഠം രണ്ടുനാലാവർത്തി പറഞ്ഞുകൊടുത്തു്; അതിന്നു് ആത്മനേപദവും, അതിന്റെ സ്വരൂപവും; ലകാരം, പുരുഷവചനങ്ങൾ എന്നിതുകളുംകൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന അർത്ഥഭേദങ്ങളുംമററും ഓരോന്നായി ചില ഉദാഹരണങ്ങളോടുകൂടി, സുഖകരമായ കഥപോലെ, നാലഞ്ചാറുവട്ടം അദ്ധ്യാപകൻ കുട്ടികൾക്കു പറഞ്ഞുകൊടുക്കുന്നതായാൽ സുവ്യക്തമായും സുദൃഢമായും, തത്തദ്രൂപങ്ങളെ തിരിച്ചറിയുവാൻ വിദ്യാർത്ഥികൾ വേഗത്തിൽ സമർത്ഥന്മാരായിതീരുന്നതാണു്.

അവസാനമായി, ഒന്നുകൂടി ഉദാഹരിക്കാം—"ദാശരഥിഃ" എന്ന പദത്തിന്നു് "ദശരഥസ്യ അപത്യം പുമാൻ" എന്നുള്ള വിഗ്രഹം പല പ്രാവശ്യം പഠിപ്പിച്ചുകൊടുത്താലും, ഒരു കാവ്യവിദ്യാർത്ഥി, മറെറാരു ഭാഗത്തു കണ്ടെത്തുന്ന—"ഗാങ്ഗേയഃ—പൈതൃഷ്വസ്രീയഃ—വാസുദേവഃ—രാജന്യഃ—" എന്നുതുടങ്ങിയ പദങ്ങളുടേയോ, "ആക്ഷിഃ—സൌരിഃ—പൈയാസകിഃ—" എന്നു തുടങ്ങിയ പദങ്ങളുടേയോ, വിഗ്രഹവാക്യങ്ങളെ സ്വയം ഗ്രഹിപ്പാനൊ, ഇതു "തദ്ധിതവൃത്തി"യാണെന്നറിയുവാനൊ, ശക്തനാകുന്നില്ല. ചില "ഇഞ്" പ്രത്യയാന്തസ്ഥലങ്ങളിൽ, സോദാഹരണം, "അതഇഞ്" എന്ന പാണിനീയസൂത്രം ഉപദേശിച്ചു്. ആദ്യത്തെ അച്ചിനുവരുന്ന വൃദ്ധിരൂപത്തേയും, മനസ്സിലാക്കിക്കൊടുത്തു്; അതുപോലെതന്നെ "ഢക്, ഛസ്" മതപായ പ്രത്യയവിഷയങ്ങളേയും അതാതിന്നനുരൂപമായ ചില ദൃഷ്ടാന്തവിശേഷങ്ങളോടുകൂടി പറഞ്ഞുകൊടുക്കുന്നതായാൽ അനേകം തദ്ധിതാന്തപദങ്ങൾ ശിഷ്യന്മാർക്കു സുഗമങ്ങളായി ഭവിക്കുന്നതായിരിക്കും.

ഇങ്ങിനെയുള്ള ഭാഷാസംബന്ധികളായ വികാരങ്ങളിൽ, ശൃംഗഗ്രാഹപൂർവ്വകമായ ജ്ഞാനം, വ്യാകരണാധീനംതന്നെ. അതുകൊണ്ടു് പ്രഥമപാഠംകൂടിയും, സംസ്കൃതത്തിൽ, വ്യാകരണത്തെ മുൻനിർത്തിതന്നെ വേണ്ടതാകുന്നു. ഇങ്ങിനെയാ

യാൽ ഇന്നുഎട്ടുപത്തു് വഷംകൊണ്ടും സുഗമമായി തീരാത്ത സംസ്കൃതപരിജ്ഞാനം നാലഞ്ചുകൊല്ലത്തിനകം വിദ്യാൎത്ഥികൾക്ക സമ്പാദിക്കാവുന്നതാണു്.

വരട്ടെ, ഇവിടെ ഒരു ചോദ്യത്തിന്നവകാശമുണ്ടു്. "സംസ്കൃതവ്യാകരണം അനന്യ്യൂതപ്രതിഭന്മാരായ പതഞ്ജലിതുടങ്ങിയ പണ്ഡിതശ്രേഷ്ഠന്മാരാൽ, അനേകശാസ്ത്രങ്ങളെ ആധാരമാക്കി, ദൃഢബന്ധങ്ങളും, ദുൎഗ്രഹങ്ങളുമായ, വാക്യാൎത്ഥങ്ങളെക്കൊണ്ടു് പ്രൗഢമതികൾക്കമാത്രം ഗ്രഹിക്കാവുന്നരീതിയിൽ നിൎമ്മിച്ചിട്ടുള്ളതാണല്ലൊ. പിന്നെ അതെങ്ങിനെ ബാലവിദ്യാൎത്ഥികൾക്ക സുഗമവും? അതിൻെറ അദ്ധ്യാപനം ക്ഷിപ്രസാദ്ധ്യവുമായി തീരുന്നു" എന്നു്. ശരിതന്നെ; അതിന്നും ചെറിയ ഉപായമൊന്നു കണ്ടുപിടിക്കാം. കേവലം അക്ഷരാൎത്ഥമാത്രബോധകമായ ഒരു രീതിയെ അവലംബിച്ചു്, അവശ്യമാവശ്യങ്ങളായ പാണിനീയ സൂത്രങ്ങളുടെ അൎത്ഥജ്ഞാനം മാത്രമുപദേശിക്കേണമെന്നല്ലാതെ, ശിഷ്യന്മാൎക്കൊ, ഗുരുക്കന്മാൎക്കൊ, ദുർവഹമായവിധത്തിൽ ദുൎഗ്രഹങ്ങളായ സൂത്രാൎത്ഥങ്ങളെയോ, മതഭേദങ്ങളെയോ, ഉപദേശിക്കണമെന്നോ, അഭ്യസിക്കണമെന്നോ ഇവിടെ വിചാരമില്ല.

ഇതിന്നായി അവിടവിടെയുള്ള അനുവൃത്തി മുതലായവയെ അപേക്ഷിക്കാതെ, സാധാരണന്മാൎക്കുകൂടിമനസ്സിലാവുന്ന മാതിരി സൂത്രങ്ങളുടെ അക്ഷരാൎത്ഥം മാത്രമുപദേശിച്ചാൽ മതിയാവുന്നതായിരിക്കുമല്ലൊ.

ഭഗവാൻ പാണിനിമഹൎഷി — അധികാരാദി സാപേക്ഷമായിട്ടാണല്ലൊ സൂത്രോപദേശം ചെയ്തിട്ടുള്ളതു്. അപ്രകാരമുള്ള പരിപാടിയെ പരിത്യജിച്ചു്, ഭാഷാസൂത്രങ്ങളും, ഇതരാപേക്ഷമാകാത്തമട്ടിൽ, എങ്ങിനെ അൎത്ഥബോധത്തിന്നു ഉപയുക്തമാകുന്നുവോ, ആ വിധത്തിൽ സൂത്രങ്ങളെഅന്തമായി വിരചിക്കുവാൻപുതിയ വൈയാകരണന്മാർ അഭിപ്രായപ്പെടുന്നു, "പ്രശ്ചഭ്രസ്ജസൃജിമൃജ" എന്നുള്ള സൂത്രം "ഹലാദൌകിതി" എന്നു പൂൎവസൂത്രത്തിൽനിന്നു അനുവൎത്തിക്കപ്പെടുന്ന സഹായത്തോടുകൂടിയാണല്ലൊ സ്വാൎത്ഥത്തെ വെളിപ്പെടുത്തുന്നതു്. അപ്രകാരം അനുവൎത്തിക്കപ്പെടുന്ന പദങ്ങളേയും അതാതു സൂത്രങ്ങളിൽചേൎത്തു് ഒരു പുതിയ പാഠം രൂപീകരിക്കുന്നതായാൽ, ആ ഒരു സൂത്രത്തിൻെറ അനുസ്മരണം മാത്രം മതിയായിരിക്കുന്നതായിരിക്കുമല്ലൊ, വിദ്യാൎത്ഥിക്കു ഇതരസഹായംകൂടാതെ, ഷത്വവിധി മുഴുവൻ മനസ്സിലാക്കുവാൻ. ഇങ്ങിനെയുള്ള ഉപായങ്ങളാൽ ഗ്രഹിക്കപ്പെടുന്ന വ്യാകരണംകൊണ്ടുള്ള ഭാഷാപരിജ്ഞാനത്തോടുകൂടി സംസ്കൃതപ്രഥമപാഠങ്ങൾ പഠിച്ചറിഞ്ഞശേഷം, പ്രൌഢസാഹിത്യകാരനായിത്തീരുന്ന വിദ്യാൎത്ഥി വ്യാകരണശാസ്ത്രത്തിൽ ഉപരിജ്ഞാനം സിദ്ധിക്കുവാനുതകുന്ന സ്വാതന്ത്ര്യത്തെ സ്വയം സമ്പാദിക്കുന്നതായിരിക്കും.

അല്ലെങ്കിൽ — സുബന്തം തിങന്തം, കാരകം, സന്ധി ഇവകളെമാത്രം ബോധിപ്പിക്കുന്ന വ്യാകരണം സൂത്രങ്ങളിൽനിന്നു വേർതിരിച്ചെടുത്തു്, വിദ്യാൎത്ഥികൾക്കുപകരിക്കുന്ന രീതിയിൽ കൂട്ടിച്ചേൎക്കുകയുമാവാം. ഏതുവിധവും വ്യാകരണപൂൎവകമായ വിദ്യാഭ്യാസം സംസ്കൃതവിദ്യാൎത്ഥികളിൽ കാവ്യം പഠിക്കുന്നവൎക്കുകൂടി ഉണ്ടാക്കികൊടുക്കേണ്ടതു നമ്മുടെ കടമയാകുന്നു. ഈയൊരു പരിപാടി എല്ലാത്തരത്തിലും നമുക്കും നമ്മളെ സംബന്ധിക്കുന്നവൎക്കും ഒരുപോലെ ശ്രേയസ്കരമായിത്തീരാതിരിക്കുന്നതല്ലല്ലൊ!!

# കൈതൊഴാം.

(കെ. ഐ. കെ. കർത്താ)

(പാന)

മർദ്ദിതയായ ഭാരതമാതാവിൽ
വർദ്ധിതതേജസ്സോല്ലസിച്ച സൽഗുരോ
നിശ്ചലാമൃതലോലഹൃദയനാം
സച്ചരിത്രാ! മഹാത്മജി! കൈതൊഴാം.
മാതൃകായോഗ്യമാം നിജജീവിതം
മാതൃഭൂവിനായ്ച്ചേർത്ത നിസ്വാർത്ഥക!
മാതൃഭക്തരിൽ മുമ്പനാം ഭാരതീ-
യാദൃതാത്മൻ, മഹാത്മജീ! കൈതൊഴാം.
പാരതന്ത്ര്യമാം പാഴ്ക്കണ്ടിതിൽനിന്നു
ഭാരതീയരെയുന്നയിച്ചീടുവാൻ
പാരിതിൽ വന്നവതാരമാന്ന സ-
ച്ചാരുശീലാ! മഹാത്മജികൈതൊഴാം.
നിത്യവൻ തപോനിഷ്ഠപൂണ്ടല്പവും
കൃത്യലോപം വിനാ ഭക്തിയുക്തനായ്
സത്യധർമ്മത്തിൽ വർത്തിച്ചിടും കൃത-
കൃത്യാത്മാവേ! മഹാത്മജി കൈതൊഴാം.
ബുദ്ധൻ കൃഷ്ണനും ക്രിസ്തുവുമൊന്നായ്ചേ-
ന്നിദ്ധരയിലുടലെടുത്തതെന്നപോൽ
അദ്ധ്യാത്മദ്യുതിതിങ്ങി വിളങ്ങിടും
സിദ്ധാത്മാവേ! മഹാത്മജീ കൈതൊഴാം.
ശത്രുസഞ്ചയത്തോടടരാടിടാൻ
ചിത്ര! മക്രമരാഹിത്യമായുധാൽ
വജ്രപാണിതൊട്ടുള്ള സുരരെയും
ലജ്ജിപ്പിയ്ക്കും മഹാത്മജി കൈതൊഴാം!
നിത്യസ്വാതന്ത്ര്യസാധകമന്ത്രത്തെ
പ്രത്യഹം ജപിച്ചാത്മസംരക്ഷയ്ക്കായ്
അത്യധികമായദ്ധ്വാനിച്ചിടുന്ന
കൃത്യബുദ്ധേ! മഹാത്മജി! കൈതൊഴാം
ജാതിഭേദാദ്യനാചാരദുർവ്വിധ-
ജാതിജല്ലിതദുർഗ്ഗുണസഞ്ചയം
മേദിനിയിൽനിന്നാട്ടിയോടിച്ചസ-
ന്മൃതാത്മാവേ! മഹാത്മജി കൈതൊഴാം.
ബന്ധനസ്ഥനായ് ജെയ്‌ലിലിരിയ്ക്കിലും
സന്തപിയ്ക്കാതെതൻ ലക്ഷ്യപ്രാപ്തിയ്ക്കായ്
എന്തുവന്തീവ്രക്ലേശവുമേന്തിടും
ശാന്താത്മാവേ! മഹാത്മജി കൈതൊഴാം.

കോടിജന്മം പണിപ്പെട്ടുഴന്നാലും
നേടുവാനാകാത്തുള്ള മഹാഭാഗ്യം
നേടിയിമ്മഹാൻ വന്നുജനിച്ചെഴും
നാടിതിൽ പിറന്നീടുകമൂലം നാം.

ഭാരതത്തിന്റെ ഭാസുരതാരകം
പാരിനൊട്ടാകെ ശാന്തിസംവർദ്ധകം
ഭാരതീയർക്കു പ്രത്യക്ഷദൈവതം
ധീരശാശ്വതസ്തംഭപ്രഭാവകം
സർവ്വോൽകർഷവിജയശ്രീലാളിത-
നുർവ്വിമേൽ യശഃസ്തംഭമുറപ്പിച്ചു.
സർവ്വസ്വാതന്ത്ര്യസൗഭാഗ്യസമ്പ്രാപ്തി-
യ്ക്കിവ്വണ്ണംമേന്മേൽ സർവ്വപ്രകാരേണ
ബുദ്ധിപൂർവ്വകമീമട്ടുകർ ചെയ്തി-
ട്ടിദ്ധരാതലം പാവനമാക്കിടും
ഭാരതാവനീ സൽപുണ്യപുത്രനി-
പ്പാരുപൂരുഷപുംഗവൻ നിശ്ചയം.
കായക്ലേശാദിപീഡകളേററിടാ-
തായുരാരോഗ്യപൂർവ്വമിബ്ഭാഗ്യവാൻ
ആയിരത്താണ്ടുകാലമിക്ഷോണിയിൽ
മായമേല്ക്കാതിരുന്നരുളീടുവാൻ
കാലകാലൻ സകലജഗൽഗുരു
കാലരൂപനായ്വാഴും മഹേശ്വരൻ
മേൽക്കുമേൽനിജ ദൃക്കടാക്ഷങ്ങളെ-
ച്ചേർക്കണേ! തൊഴാം! കൈതൊഴാം കൈ-
(തൊഴാം.

## ദീനരോദനം.

(ടി. ആർ. നായർ)

വയലിൻെറ വരമ്പത്തു് വെയിൽകൊണ്ടുവരളുന്ന
വയറാളുമടിയങ്ങളിളംകിടാങ്ങൾ!
ചെറുകുടിൽ പുകളുവാനരിമണികൊറിയ്ക്കുവാൻ
വറുതിയാൽ വഴിയില്ലാതുഴന്നു് ഞങ്ങൾ
ഉടൽകരിയുന്നു കരളുരുകുന്നുണ്ടേടനല-
കടയവനടയോരീക്കിടാങ്ങൾക്കെന്നും.
അണിയണിയായിത്തങ്കമണികളെക്കണികണ്ടു
മണിമച്ചിൽപ്പുകവീശിമങ്കയുമായി,
വലിയവർ വില്ലീസ്സോളിത്തളിർമഞ്ചം പുക്കരുളി
യലിയുന്നു! ഞെളിയവരെരിഞ്ഞും വാഴ്വൂ!
കടക്കൺകോണെറിയവേ കവിൾ തുടുക്കവേ, കട-
ക്കട്ടെക്കണ്ണൊടടവേ, സ്മിതമുളകാണവേ,
കുഴലിഴയഴയവേ യഴകലമൊഴുകവേ
കുഴയവേ കൊഞ്ചിക്കഴൽ തഴകിടവേ,
ലലനയെപ്പുൽകിവാഴ്വൂ! നിലയേറും നിലയന്മേ
വില സി[illegible]തികളാം വലിയ മാന്യർ.
അടിതെററിയടിയിൽവാണടിയങ്ങൾ കണ്ണീർതൂകി-
യടിപിടിച്ചുരുളട്ടെ! കരഞ്ഞിടട്ടെ!
ഒരുതുട്ടമല്ലെന്നാകിലുരിനെല്ലുമിപ്പാവങ്ങൾ-
കരുളുവാനാരുലകിൽകനിവുവററി!
വയലിൻെറവരമ്പത്തുവെയിൽകൊണ്ടുവരളുന്ന
വയറാളുമടിയങ്ങളിളംകിടാങ്ങൾ!

## സമയത്തിൻെറ വില.

(വിദ്വാൻ, പി. കെ. പരമേശ്വരൻ നായർ.)

ലോകത്തിലെ വിലയേറും വിലവകയതിൽനിന്നു-
മേകമുർചെയ്യുവാനായ് പറഞ്ഞുവെന്നാൽ
പരിഷ്കാരം പെരുത്തോരീയിരുപതാം നൂററാണ്ടിലും
ഒരുവൻ സമയമെന്നുരചെയ്തീടാ.
അതിൻ ഹേതുവതിൻ വിലയേതുമേതുമറിയായ്ക-
ഇതായീടാമെന്നുമാത്രം സമാധാനിക്കാം.
നിമിഷമാം മലരിനാൽ കോർത്തിണക്കും മാലയായി-
ട്ടീമനുഷ്യജീവിതത്തെ കണക്കാക്കുകിൽ

ഹാ! മലരു പൊഴിയുമ്പോൾ മാല ചെറുതാകുംപോലെ
നിമിഷങ്ങൾ കഴിയുമ്പോൾ ജീവിതാംശവും
സമയം വൃഥാവിൽ കളഞ്ഞീടുകയാൽ ബുദ്ധിശക്തി,
യാത്മശക്തിയിവയെല്ലാം നശിച്ചുപോകും.
തൻമൂലമിജ്ജീവിതമോ കഠിനമായ് തോന്നുമല്ലോ
ഈമട്ടിലായ് ജീവിതത്തെ പാഴിലാക്കുന്നു.
പൊയ്പ്പോയ ധനത്തെ വീണ്ടും നിരന്തരശ്രമത്താലും
പൊയ്പ്പോയ പഠിത്തം പുനഃ പഠിപ്പിനാലും
പൊയ്പ്പോയതാമാരോഗ്യത്തെ ചൎയ്യമരുന്നിവയാലും
പിൽപ്പാടു വീണ്ടെടുത്തിടാമെന്നതുപോലെ
പൊയ്പ്പോയോരു സമയത്തെ വീണ്ടെടുപ്പാനുള്ള വിദ്യ-
യിപ്പോളിതുവരെയില്ലാ മേലിലും കാണാ.
കാലത്തിന്റെയൎദ്ധ ഭാഗം നിശയായി കഴിഞ്ഞുപോം
ചേലിൽ പിന്നെ കുറേത്തിരും മററു കാൎയ്യാൎത്ഥം
ഇവയെല്ലാം കഴിഞ്ഞിട്ടു ബാക്കിയുള്ള കാലംകൊണ്ടു
ഏവരും തൽക്കൎത്തവ്യത്തെ നിൎവ്വഹിക്കേണം
സമയത്തെ പാഴാക്കാതെ കൎത്തവ്യങ്ങൾ ചെയ്തുതീൎത്തോർ
മഹാന്മാരായ് മനുഷ്യരിന്നെണ്ണിടുന്നവർ —
വിജയശ്രീ സമയത്തിൽക്കൂടി സഞ്ചരിപ്പതായി
വിജയശ്രീലാളിതന്മാരുരചെയ്യുന്നു.
മടിയെന്ന ദുൎഗ്ഗുണത്തെ മഹിതരാം മൎത്ത്യർ ചൊൽവൂ
സമയംകൊല്ലിയെന്നായി വാസ്തവമോൎക്കിൽ
സമയംപോയെല്ലാ കഷ്ടം! സമയമില്ലല്ലോ കഷ്ടം!
ക്ഷമവിട്ടീവിധമോതും മടിയില്ലാത്തോർ
മടിയനോ മനോജ്ഞമാം സമയത്തെ നീക്കീടുന്നു
ഉറക്കമേഷണി സുഖഭോഗമിവയാൽ
മടിയനും മഹിതനുമാദികാലത്തിങ്കൽ തുല്യർ
മടിയനാൽ വൃഥാപോകും സമയത്തിനാൽ
മഹാനായിട്ടിതരനും മാറുന്നിതു ചിത്രം! ചിത്രം!
സഹജരേ! സമയത്തെ വൃഥാ പോക്കൊല്ലേ
സമയത്തിൻവില മൎത്ത്യർ അറിയേണ്ടും കാലമിപ്പോ-
ളതിക്രമിച്ചിനിയും നാമറിഞ്ഞതില്ലെങ്കിൽ
ഉൽകൃഷ്ടമാം മൎത്ത്യജന്മം പാഴിൽപ്പോകാനിടയാകും.
ഉൽക്കൎഷേച്ഛുക്കളേ! നിങ്ങൾ ദുഃഖിപ്പാറാകും
സൎവ്വരും സമയവിലയറിഞ്ഞുപെരുമാറുവാൻ